കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2009-2010, 2010-2011, 2011-2012 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 , 3.2, 3.6- സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.2272/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി,24.07.2015

പരാമർശം : പടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.03.2014 – ലെ എ 1/4709/13 നമ്പർ കത്ത്

2. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 18.02.2015, 20.04.2015 – തിയതികളിലെ എൽ.എഫ്.പി.റ്റി3 /8276/14, എൽ.എഫ്.പി.റ്റി3/ 5676/15 നമ്പർ കത്തുകൾ

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2009-2010, 2010-2011, 2011-2012 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം, കാലാവധി അവസാനിച്ച ഭരണസമിതി ചെലവുകളുടെ വൗച്ചറുകളിൽ മുൻ പ്രസിഡന്റ് ഒപ്പ് രേഖപ്പെടുത്തിയത് പഞ്ചായത്ത് രാജ് നിയമത്തിന്റേയും സർക്കാർ ഉത്തരവിന്റേയും ലംഘനമായതിനാൽ ഈ ചെലവുകൾക്ക് സർക്കാർ സാധൂകരണം തേടേണ്ടതാണ് എന്ന് അഭിപ്രായപ്പെട്ടിരുന്നു. ഭരണസമിതി അംഗീകരിച്ച ചെലവുകളുടെ വൗച്ചറുകളിൽ ഒപ്പ് രേഖപ്പെടുത്താൻ വിട്ടു പോയതാണെന്നും ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ കാലാവധിക്കു ശേഷം പ്രസിഡന്റ് പഞ്ചായത്ത് ഓഫീസിൽ എത്തിയപ്പോൾ ഒപ്പ് രേഖപ്പെടുത്തി വാങ്ങിയതാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതിയുടെ ആവശ്യം അംഗീകരിച്ച് ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സൂചന രണ്ട് കത്തുകൾ പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇതേ വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട് ഖണ്ഡിക 3.2 പ്രകാരം, കല്യാട്ട് കുടിവെള്ള പദ്ധതി സംബന്ധിച്ച രേഖകളൊന്നും തന്നെ ഹാജരാക്കുവാൻ പഞ്ചായത്തിന് കഴിയാതിരുന്നതിനാലും കുടിവെള്ള പദ്ധതിയുടെ നടത്തിപ്പും പരിപാലനവും പഞ്ചായത്തിന്റെ ചുമതലയല്ലാത്തതിനാലും കല്യാട്ട് കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജിനത്തിൽ ചെലവഴിച്ച 13,111 രൂപാ തടസ്സപ്പെടുത്തുന്നതായും

.............2

ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം തേടേണ്ടതാണെന്നും അഭിപ്രായപ്പെട്ടിരുന്നു. കല്യാട്ട് ദേശത്ത് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ് താമസ്സിക്കുന്നതെന്നും അവരുടെ കുടിവെള്ളപ്രശ്നമായതിനാലാണ് വൈദ്യുതി ചാർജ് നൽകിയതെന്നും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ വൈദ്യുതി ചാർജ് പഞ്ചായത്ത് ഒടുക്കുന്നില്ലെന്നും ആയതിനാൽ ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതിയുടെ ആവശ്യം അംഗീകരിച്ച് ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സൂചന രണ്ട് കത്തുകൾ പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇതേ വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം, 2009-2010 വർഷം 100 ഗുണഭോക്താക്കൾക്ക് ഭവനശ്രീ പദ്ധതി പ്രകാരം 5000 രൂപാ നിരക്കിൽ ആകെ മൊത്തം 5,00,000 രൂപാ ചെലവഴിച്ച നടപടി ക്രമവിരുദ്ധമായതിനാൽ ആയത് തടസ്സപ്പെടുത്തുന്നതായും ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ ഗുണഭോക്താക്കൾ എല്ലാവരും ഭവനനിർമ്മാണം പൂർത്തിയാക്കിയതിനാലും എല്ലാവരും തന്നെ ദാരിദ്ര രേഖക്ക് താഴെയുള്ളവരായതിനാലും ഭവനശ്രീ വായ്പ മുഴുവനും എഴുതിത്തള്ളിയതിനാലും ഈ ചെലവിന് സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ വിശദാന്വേഷണത്തിനായി ചുമതലപ്പെടുത്തിക്കൊണ്ട് പുനരഭിപ്രായക്കുറിപ്പ് ഓഡിറ്റ് പുറപ്പെടുവിച്ചിരുന്നതിനാൽ പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ സാധൂകരണം നൽകുന്ന വിഷയം പരിഗണിക്കാൻ കഴിയൂ എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സൂചന രണ്ട് കത്തുകൾ പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇതേ വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം, പട്ടികവർഗ്ഗ ഉപ പദ്ധതിയിലെ പരിചരണ സേവനങ്ങളുടെ പാക്കേജിൽ ഫർണ്ണീച്ചർ വിതരണം അനുവദനീയമല്ലാത്തതിനാൽ മാർഗ്ഗരേഖക്ക് വിരുദ്ധമായി ഇക്കാര്യത്തിൽ ചെലവഴിച്ച 2,44,875 രൂപാ തടസ്സപ്പെടുത്തുന്നതായും ആയതിന് സർക്കാർ സാധൂകരണം തേടേണ്ടതാണെന്നും നിർദേശിച്ചിരുന്നു. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഇരുന്ന് പഠിക്കുവാൻ ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതിനാലും പുസ്തകം, മറ്റ് പഠനോപകരണങ്ങൾ, വീടിന്റെ പ്രമാണം, മറ്റ് പ്രധാനരേഖകൾ എന്നിവ സൂക്ഷിക്കുവാൻ നിർവാഹമില്ലാതിരുന്നതിനാലാണ് ഇവർക്ക് ഫർണ്ണീച്ചർ വിതരണം ചെയ്തതെന്നും ആയതിനാൽ ഈ ചെലവിന് സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതിയുടെ ആവശ്യം അംഗീകരിച്ച് ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സൂചന രണ്ട് കത്തുകൾ പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2009-2010, 2010-2011, 2011-2012 വർഷങ്ങളിലെ യഥാക്രമമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരമുള്ള ഓഡിറ്റ് തടസ്സം, 3.2 പ്രകാരമുള്ള 13,111 (പതിമൂവായിരത്തി

.........3

നൂറ്റി പതിനൊന്ന് രൂപ മാത്രം) രൂപയുടെ ഓഡിറ്റ് തടസ്സം, 3.6 പ്രകാരമുള്ള 2,44,875 (രണ്ടു ലക്ഷത്തി നാൽപ്പത്തിനാലായിരത്തി എണ്ണൂറ്റി എഴുപത്തിയഞ്ച് രൂപാ മാത്രം) രൂപയുടെ ഓഡിറ്റ് തടസ്സം എന്നിവക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഖണ്ഡിക 3.4 സംബന്ധിച്ച് വിശദാന്വേഷണത്തിനായി ചുമതലപ്പെടുത്തിക്കൊണ്ട് പുനരഭിപ്രായക്കുറിപ്പ് ഓഡിറ്റ് പുറപ്പെടുവിച്ചിരിക്കുന്ന സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ അസിസ്റ്റന്റ് പഞ്ചായത്ത് ഡയറക്ടറുടെ ഒരു വിശദാന്വേഷണം ഖണ്ഡിക 3.4 സംബന്ധിച്ച് ഉത്തരവാകുന്നു. വിശദാന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം നൽകുന്ന വിഷയം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ കൂടി അഭിപ്രായത്തിൽ പരിഗണിക്കുന്നതാണെന്നും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
 റ്റി.വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
അസിസ്റ്റന്റ് പഞ്ചായത്ത് ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, പടിയൂർ ഗ്രാമ പഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ